(ബി) ഈ തുക ഉപയോഗിച്ചുകൊണ്ട് ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ കഴിയുക ; ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.മാർ മുൻകൈ എടുത്ത് സമാഹരിക്കുന്ന മൂന്ന് വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപങ്ങളുടെ 150% തുകയ്ക്ക് തുല്യമായ നിർമ്മാണ പ്രവർത്തികൾക്കാണ് അനുമതി നൽകുന്നത്.

(ബി) അടിസ്ഥാനസൗകര്യവികസന പദ്ധതികളാണ് എം.എൽ.എ.മാരുടെ സഹകരണത്തോടുകൂടിയുള്ള ട്രഷറി നിക്ഷേപ സമാഹരണത്തിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ വകുപ്പുകൾവഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ വകുപ്പ് അടിസ്ഥാനത്തിൽ തരംതിരിച്ചശേഷം, ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റിന്റെയും പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തിക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നു. നിലവിൽ ബഡ്ജറ്റിൽ നാമമാത്രമായ വിഹിതം വകയിരുത്തിയിട്ടുള്ള പദ്ധതികൾക്കാണെങ്കിൽ അവ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിച്ചു നൽകുന്നതാണ്. ഈടു നിൽക്കുന്നതും സ്ഥിരതയുള്ളതുമായ ആസ്തി നിർമ്മാണപ്രവർത്തനങ്ങളാണ് ഈ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ട്രഷറി നിക്ഷേപത്തിനനുസരിച്ച് കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

185 (251) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ പ്രോത്സാഹനത്തിൽ ഓരോ മണ്ഡലത്തിലും ട്രഷറികളിൽ അധികമായി ലഭിക്കുന്ന നിക്ഷേപത്തിന്റെ നിശ്ചിത അനുപാതത്തിലുള്ള തുകയ്ക്ക് അതതു മണ്ഡലത്തിൽ വികസനപ്രവർത്തനങ്ങൾ അനുവദിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) എംഎൽഎ. മാർ മുൻകൈ എടുത്ത് സമാഹരിക്കുന്ന മൂന്നു വർഷത്തിൽ കുറയാത്ത ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ 150% തുകയ്ക്ക് തുല്യമായ നിർമ്മാണപ്രവർത്തികൾ അതതു മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന പദ്ധതിക്ക് ജി.ഒ.(ആർറ്റി.) നമ്പർ 5177/2010/ധന. തീയതി 29-6-2010 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ട്രഷറി വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്കും അതു സംബന്ധിച്ച് നിയമസഭാ സാമാജികർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

കൊപ്പാത്ത് സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി

186 (252) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പാത്ത് ഒരു സബ് ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ട്രഷറി പ്രാവർത്തികമാക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ട്രഷറി

187 (253) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ട്രഷറി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രഷറി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ മെഡിക്കൽകോളേജ് സബ് ട്രഷറിക്ക് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ട്രഷറി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ ഒരു മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുവാനാകും.

LIBRARY ARCHIVES Kerala Legislative Assembly